(എ) കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി ഖാദിബോർഡിനു കീഴിൽ പ്രവർത്തിച്ചുവരുന്ന യന്ത്രവൽകൃത എണ്ണയാട്ട് മരച്ചക്ക് യൂണിറ്റുക ളുടെ പലിശ ഒഴിവാക്കണമെന്ന ആവശ്യം സർക്കാർ പരിഗണിക്കുമോ;

(ബി) ഇക്കാര്യത്തിൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ വെളിപ്പെടു ത്തുമോ;

(സി) ഈ സ്ഥാപനങ്ങൾ നേരിടുന്ന തകർച്ച പരിഗണിച്ച് പലിശ ഒഴി വാക്കണമെന്ന കാര്യം അനുകൂലമായി പരിഗണിക്കുമോ?

ഉത്തരം

(എ) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ബി)&(സി) ഖാദിബോർഡ് ഈ തുക കേന്ദ്ര ഖാദി കമ്മീഷനിൽ നിന്നും വാങ്ങി സംഘങ്ങൾക്ക് കൊടുത്തതാണ്. അതിനാൽ ഖാദിക്കമ്മീഷന് പലിശയും പിഴപലിശയുമടക്കം തുക മടക്കി നൽകേണ്ടതുണ്ട്. പലിശ ഇളവു ചെയ്യാൻ ഖാദിക്കമ്മിഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക പരിമിതികൾക്കുള്ളിൽനിന്ന് താമസിയാതെ ഒരു തീരുമാനമെടുക്കുന്നതാണ്.

57 (613) സ്പിന്നിംഗ് മില്ലുകളുടെ നവീകരണം

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തനം മെച്ചപ്പെ ടുത്തുന്നതിന് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം;

(ബി) സ്പിന്നിംഗ് മില്ലുകളുടെ നവീകരണത്തിന് കേന്ദ്രസഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(സി) കേരളത്തിൽ പുതിയ സ്പിന്നിംഗ് മില്ലുകൾ പ്രവർത്തനം ആരം ഭിക്കുന്നതിന് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം;

(ഡി) കോട്ടയം ജില്ലയിലെ മീനടം പ്രിയദർശിനി സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(ഇ) കെട്ടിടത്തിന്റെ പണി പൂർത്തിയാക്കുകയും മെഷിനറി ലഭ്യമാ ക്കുന്ന സാഹചര്യം സംജാതമാകുകയും ചെയ്തിട്ടും പ്രവർത്തനം ആരംഭിക്കു വാൻ സാധിക്കാത്ത സാഹചര്യം ഒഴിവാക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കുമോ;

(എഫ്) ഈ മില്ലിന്റെ പ്രോജക്ട് റിപ്പോർട്ടിൽ കണക്കാക്കിയിരുന്ന ടേം ലോൺ സഹകരണബാങ്കിൽനിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീക രിക്കുമോ?

ഉത്തരം

(എ) സ്പിന്നിംഗ് മില്ലുകളുടെ യന്ത്രസാമഗ്രികളുടെ സമഗ്രമായ നവീകരണവും തൊഴിലാളികളുടെ ഉല്പാദനക്ഷമത വർദ്ധനവുമാണ് ടെക്സ്റ്റ യിൽ വ്യവസായത്തിന്റെ പുനരുദ്ധാരണത്തിനായി നിർദ്ദേശിച്ചിട്ടുള്ള പ്രധാന പരിഹാരമാർഗ്ഗങ്ങൾ - സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള പൊതുമേഖലയി ലേയും സഹകരണമേഖലയിലേയും എല്ലാ തുണിമില്ലുകളുടെയും സമഗ്ര നവീകരണത്തിനും മറ്റ് അത്യന്താപേക്ഷിതമായ മൂലധനക്രമീകരണത്തിനു

LIBRARY ARCHIVES Kerala Legislative Assembly

മായി 100 കോടിയോളം രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു മാസ്റ്റർ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

(ബി) നവീകരണ പദ്ധതിക്കുവേണ്ട മുതൽമുടക്ക് സംസ്ഥാന സർക്കാർ രൂപം നൽകിയിട്ടിട്ടുള്ള കേരള വ്യവസായ പുനരുദ്ധാരണ ഫണ്ടിൽ നിന്നും കേന്ദ്രഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ടിൽ നിന്നുമുള്ള കുറഞ്ഞ പലിശ നിരക്കിലുള്ള ദീർഘകാല വായ്പകളും കൂട്ടിച്ചേർത്ത് സമാഹരിക്കാനാകുമെന്ന് കരുതുന്നു.

(സി) നിലവിലുള്ള സ്പിൻഡിൽ കപ്പാസിറ്റിതന്നെ അധികമായതിനാൽ സർക്കാർ ഇനിയും പുതിയതായി സ്പിന്നിംഗ് മില്ലുകൾ വിഭാവനം ചെയ്യുന്നില്ല.

(ഡി) സാമ്പത്തിക സ്ഥാപനങ്ങളിൽനിന്നും ടേം ലോൺ ലഭ്യമാകാത്തതാണ് പ്രധാന തടസ്സം.

(ഇ)&(എഫ്) ടേം ലോൺ ലഭ്യമാക്കുന്നതിനുള്ള ചർച്ചകൾ സർക്കാർ തലത്തിലും നടന്നുവരുന്നു.

58 (614) കുന്നത്തറ ടെക്സ്റ്റയിൽസിന്റെ പുനരുദ്ധാരണം

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തറ ടെക്സ്റ്റയിൽസ് തുറന്നു പ്രവർത്തിപ്പിക്കുവാൻ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സ്ഥാപനത്തിൽ എത്ര തൊഴിലാളികൾ ഉണ്ട്;

(സി) ഈ സ്ഥാപനം പൂട്ടിയശേഷം തൊഴിലാളികൾക്കുവേണ്ടി എന്തെല്ലാം ആശ്വാസ നടപടികൾ കൈക്കൊണ്ടു;

(ഡി) എപ്പോൾ മുതൽ സ്ഥാപനം പൂർണ്ണമായും പ്രവർത്തിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) 1. സർക്കാർ ധനകാര്യ സ്ഥാപനങ്ങൾക്ക് കൊടുക്കാനുള്ള തുക സെറ്റിൽ ചെയ്യാൻ ഏർപ്പാടാക്കി.

2. റിയാബിനെകൊണ്ട് പുനരുദ്ധരിക്കാനായിട്ട് പാർട്ടിയെ കണ്ടുപിടിക്കാൻ ഏർപ്പാടാക്കി. റിയാബ് ഒരു പ്രൊമോട്ടറെ കണ്ടുപിടിച്ച് ചർച്ച നടത്തി അവരുമായി ഒരു ധാരണയായി. ടിയാൻ പ്രവർത്തനമൂലധനം സ്വരൂപിക്കാനുള്ള ശ്രമത്തിലാണ്.

(ബി) ഏകദേശം 640 തൊഴിലാളികൾ ഉണ്ട്.

(സി) പുതിയ മാനേജുമെന്റ് ഏറ്റെടുത്ത നടപടിക്ക് മുന്നോടിയായി തൊഴിലാളികളുമായി ഒരു കരാർ ഉണ്ടാക്കി. ഈ വർഷം ഓണത്തിന് എക്സ് ഗ്രേഷ്യാ അഡ്വാൻസായി 8 ലക്ഷം രൂപ കുന്നത്തറ ടെക്സ്റ്റയിൽസിന് അനുവദിച്ചു.

(ഡി) പുതിയ മാനേജ്മെന്റ് പ്രവർത്തന മൂലധനം സ്വരൂപിച്ചതിനു ശേഷം താമസിയാതെ പ്രവർത്തിപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

59 (615) കാപ്പെക്സിലെ ക്രമക്കേടുകൾ

ശ്രീ. എം.കെ. മുനീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly